**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 912** **06-02-2023 - ൽ മറുപടിയ്ക്ക്**

**ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയുള്ള തെരഞ്ഞെടുപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വ്യാജ നിയമനത്തിന്റെ പേരിൽ പണം തട്ടിയെടുക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർക്ക് നിയമന തട്ടിപ്പുമായി ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br><br>തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പേരിൽ വ്യാജ നിയമനത്തിന് പണം തട്ടിയെടുത്തതായി ഒരു പരാതി രേഖാമൂലം കിട്ടിയിട്ടുണ്ട്. ആയത് തിരുവിതാംകൂർ ദേവസ്വം ബോർഡ് സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) മുഖേന അന്വേഷണം നടത്തുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>തിരുവിതാംകൂർ ദേവസ്വം ബോർഡ് സർവ്വീസിൽ നിന്നും വിരമിച്ച ഒരു ഉദ്യോഗസ്ഥന്റെ പേരിൽ നിയമന തട്ടിപ്പ് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ട്. ആയതും അന്വേഷണത്തിന് നൽകിയിട്ടുണ്ട്. |
| (ബി) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയുള്ള തെരഞ്ഞെടുപ്പുകൾ സുതാര്യവും കാര്യക്ഷമവുമായി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (ബി) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനങ്ങൾ അനായാസം ലഭ്യമാകുന്നതിന് C-DIT ന്റെ സഹകരണത്തോടുകൂടി വെബ് സൈറ്റ് ആരംഭിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികളുടെ തെരഞ്ഞെടുപ്പ് നടപടികൾ കുറ്റമറ്റതും സത്വരവുമാക്കുന്നതിനുവേണ്ടി 'ദേവജാലിക' എന്ന പേരിൽ ഒരു ഓൺലൈൻ റിക്രൂട്ട്മെന്റ് മാനേജ്മെന്റ് സിസ്റ്റം സി-ഡാക്കിന്റെ സഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ട്. അപേക്ഷ സ്വീകരിക്കുന്നതു മുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമന ശിപാർശ നടത്തുന്നതു വരെയുള്ള എല്ലാ നടപടികളും ഇപ്പോൾ ഈ സോഫ്റ്റ് വെയർ മുഖേനയാണ് നടത്തി വരുന്നത്. എഴുത്തു പരീക്ഷകളുടെ രഹസ്യ സ്വഭാവം കാത്തുസൂക്ഷിക്കുന്നതിനാവശ്യമായ നടപടികളും കൈക്കൊണ്ടിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ദേവജാലിക സോഫ്റ്റ് വെയറിൽ പി.എസ്.സി. മാതൃകയിൽ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്താനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ദേവസ്വം |

| | | | |
|---|---|---|---|
| | | | റിക്രൂട്ട്മെന്റ് ബോർഡിനെ അറിയിക്കുന്ന ഒഴിവുകൾ ദേവജാലിക സോഫ്റ്റ് വെയറിന്റെ സഹായത്തോടെ തസ്തിക, ദേവസ്വം ബോർഡ്, ഒഴിവുകളുടെ എണ്ണം, യോഗ്യതകൾ, പ്രായപരിധി, അപേക്ഷാ ഫീസ്, അപേക്ഷിക്കുവാനുള്ള അവസാന തീയതി, പൊതുവിവരങ്ങൾ എന്നിവ വ്യക്തമാക്കിക്കൊണ്ട് ഒരു ലഘു വിജ്ഞാപനം തയ്യാറാക്കി 2 മലയാള പത്രങ്ങളിലും ഒരു ഇംഗ്ലീഷ് പത്രത്തിലും പ്രസിദ്ധീകരിക്കുകയും കൂടാതെ വിജ്ഞാപനം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ